**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 28

# വാർത്താക്കുറിപ്പ്

---

## എം.ജി. സർവകലാശാലയും എസ്. ചന്ദ് ഗ്രൂപ്പുമായി കരാർ തൊഴിൽ ഉറപ്പാക്കാൻ വൈദഗ്ധ്യ വികസന പരിശീലനം

കോർപ്പറേറ്റ് മേഖലയിലെ തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് വിദ്യാർഥികൾക്ക് സാങ്കേതിക വൈദഗ്ധ്യ വികസന പരിശീനം നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാലാ ഇന്നവേഷൻ ഫൗണ്ടേഷനും എസ്. ചന്ദ് ഗ്രൂപ്പും തമ്മിൽ കരാറായി.

ഡാറ്റാ സയൻസസ്, കോഡിംഗ്, എ.ഡബ്ല്യു.എസ്, അനലിറ്റിക്സ്, ജാവ തുടങ്ങിയവയിൽ മികവ് ഉയർത്താൻ വിദ്യാർഥികളെ സഹായിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് നിർവഹിച്ചു.

എസ്. ചന്ദ് ഗ്രൂപ്പ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ സൗരഭ് മിത്തൽ, മഹാത്മാ ഗാന്ധി സർവകലാശാലാ ഇന്നവേഷൻ ഫൗണ്ടേഷൻ ചീഫ് ടെകനിക്കൽ ഓഫീസർ സനു സേവ്യർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

പദ്ധതിയുടെ ആദ്യ ഘട്ടമായി വെബ് ടെക്നോളജി, ഡാറ്റാ സയൻസ് എന്നീ ജോബ് ഗ്യാരന്റി കോഴ്സുകളും ഒരു ഇന്റേൺഷിപ്പ് പരിപാടിയും ആരംഭിച്ചു.

വൈദഗ്ധ്യ വികസന മേഖലയിലെ പ്രമുഖ സ്ഥാപനമായ ഐന്യൂറോൺ ഇന്റലിജൻസ് പ്രൈവറ്റ് ലിമിറ്റഡാണ് പദ്ധതിയിൽ വ്യവസായ മേഖലയിൽനിന്നുള്ള പങ്കാളി. പ്രോജക്ടുകൾ, മോക് ഇന്റർവ്യൂകൾ, ഇന്റേൺഷിപ്പ്, ജോബ് ഗാരന്റി പ്രോഗ്രാമുകൾ തുടങ്ങി വിവിധ സേവനങ്ങൾ കമ്പനി ഉറപ്പാക്കും.

(പി.ആർ.ഒ./39/1542/2022)

## എം.എഡ് ഏകജാലകം; ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ ഏകജാലകം വഴിയുള്ള എം.എഡ് പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

മാനേജ്മെന്റ് ക്വാട്ടയിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്കായി അപേക്ഷിക്കുന്നവർ ഏകജാലകത്തിലൂടെ സമർപ്പിക്കുന്ന അപേക്ഷയുടെ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുമ്പോൾ നൽകണം. ഏകജാലകം വഴി അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷ നൽകാൻ കഴിയില്ല.

വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് ഓൺലൈനിൽ അപേക്ഷ നൽകണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവകലാശാല പ്രസിദ്ധീകരിക്കും. രേഖകളുടെ പരിശോധന അതത് കോളേജുകളിൽ ഓൺലൈനായി നടത്തും.

പ്രോസ്പക്ടസിൽ നിർദേശിച്ചിട്ടുള്ളതുപോലെ സംവരണത്തിന് ആവശ്യമായ സാക്ഷ്യപത്രങ്ങളാണ് അപ് ലോഡ് ചെയ്തിരിക്കുന്നതെന്ന് അപേക്ഷകർ ഉറപ്പാക്കണം. മതിയായ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ പ്രവേശനം റദ്ദാക്കപ്പെടുന്നതാണ്.

പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർ സംവരണത്തിനായി ജാതി സർട്ടിഫിക്കറ്റും എസ്.ഇ.ബി.സി/ഒ.ഇ.സി വിഭാഗങ്ങളിൽ പെടുന്നവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും അപ് ലോഡ് ചെയ്യണം.

ഇ.ഡബ്ല്യു.എസ് ആനുകൂല്യത്തിന് അർഹതയുള്ളവർ ഇൻകം ആന്റ് അസറ്റ് സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. സംവരാണാനുകൂല്യം ആവശ്യമില്ലാത്ത പിന്നാക്ക വിഭാഗക്കാർക്ക് പൊതുവിഭാഗം തിരഞ്ഞെടുക്കുകയോ വരുമാനം എട്ടു ലക്ഷത്തിൽ കൂടുതലായി നൽകിയശേഷം സംവണം ആവശ്യമില്ല എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുയോ ചെയ്യാം.

എൻ.സി.സി/എൻ.എസ്.എസ് ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദ തലത്തിലെ സാക്ഷ്യപത്രങ്ങളാണ് അപ് ലോഡ് ചെയ്യേണ്ടത്. വിമുക്തഭടൻമാരുടെയും ജവാൻമാരുടെയും ആശ്രിതർക്കുള്ള ബോണസ് മാർക്കിന് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽനിന്നുള്ള സാക്ഷ്യപത്രം ഉപയോഗിക്കണം. ഈ സംവരണത്തിനായി ആർമി, നേവി, എയർ ഫോഴ്സ് എന്നീ വിഭാഗങ്ങളെ മാത്രമേ പരിഗണിക്കൂ.

രജിസ്ട്രേഷൻ ഫീസ് പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് 650 രൂപയും മറ്റുള്ളവർക്ക് 1300 രൂപയുമാണ്. ഓൺലൈൻ രജിസ്ട്രേഷന് cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കണം.

(പി.ആർ.ഒ./39/1543/2022)

## പ്രാക്ടിക്കൽ

ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ ഐ.എം.സി.എ. (2019 അഡ്മിഷൻ റഗുലർ, 2018,2017 അഡ്മിഷനുകൾ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഏഴു മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

……………………

രണ്ടാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മെന്റ്, ബി.വോക് ഫാഷൻ ടെക്നോളജി, ബി.വോക് ഫാഷൻ ടെക്നോളജി ആൻഡ് മർച്ചൻഡൈസിംഗ് (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ ഓഗസ്റ്റ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഒന്നു മുതൽ പത്ത് വരെ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

……………………

ഈ വർഷം മെയ് മുതൽ ഓഗസ്റ്റ് വരെ നടന്ന ഒന്നു മുതൽ എട്ടു വരെ സെമസ്റ്റർ (പഴയ സ്കീം, 1997 മുതൽ 2009 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ബി.ടെക് സിവിൽ എൻജിനീയറിംഗ് പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ പാലാ, സെന്റ് ജോസഫ്സ് കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിലും ബി.ടെക് മെക്കാനിക്കൽ എൻജിനീയറിംഗ്, ബി.ടെക് എയറോനോട്ടിക്കൽ എൻജിനീയറിംഗ് പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ കടമ്മനിട്ട മൗണ്ട് സിയോൺ കോളേജ് ഓഫ് എൻജിനീയറിംഗിലും നവംബർ മൂന്നിന് നടക്കും.
ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1544/2022)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നവംബർ 10 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ. (2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ രണ്ടു വരെയും പിഴയോടു കൂടി നവംബർ മൂന്നിനും സൂപ്പർഫൈനോടു കൂടി നവംബർ നാലിനും അപേക്ഷ നൽകാം. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

.........................

നവംബർ 14 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക്ക് (2021 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് നവംബർ മൂന്നു വരെ അപേക്ഷ നൽകാം. പിഴയോടു കൂടി നവംബർ നാലിനും സൂപ്പർഫൈനോടു കൂടി നവംബർ അഞ്ചിനും അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 240 രൂപയും വീണ്ടും എഴുതുന്നവർ ഒരോ പേപ്പറിനും 60 രൂപയും (പരമാവധി 240 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

.........................

നവംബർ 25 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.എച്ച്.എം (2019 അഡ്മിഷൻ റഗുലർ, 2014 മുതൽ 2018 വരെ അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾക്ക് നവംബർ 14 വരെ അപേക്ഷ നൽകാം. പിഴയോടു കൂടി നവംബർ 15 നും സൂപ്പർഫൈനോടു കൂടി നവംബർ 16 നും അപേക്ഷ സ്വീകരിക്കും. ഒന്നാം മെഴ്സി ചാൻസ് (2013 അഡ്മിഷൻ) വിദ്യാർഥികൾ 5515 രൂപ സ്പെഷ്യൽ ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

(പി.ആർ.ഒ./39/1545/2022)

## വൈവാ വോസി

പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ എം.എ. ഹിന്ദി (2018, 2017, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ആഗസ്റ്റ് 2022 പരീക്ഷകളുടെ വൈവ വോസി പരീക്ഷ ചങ്ങനാശ്ശേരി, എൻ.എസ്.എസ്. ഹിന്ദു കോളേജ്, ഹിന്ദി വിഭാഗത്തിൽ നവംബർ നാലിന് നടക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1546/2022)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എ ഹിസ്റ്ററി(പി.ജി.സി.എസ്.എസ് നവംബർ 2021) പരീക്ഷയിലെ 2019 അഡ്മിഷനു മുൻപുള്ള (2021 മുതൽ 2018 വരെ അഡ്മിഷൻ) വിദ്യാർഥികളുടെ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 10ന് മുൻപ് ഡി.ആർ 7(പരീക്ഷ)യ്ക്ക് അപേക്ഷ നൽകണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

...........

ഈ വർഷം ഓഗസ്റ്റിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എൽ.ഐ.ബി.എസ്.സി. (2021 അഡ്മിഷൻ പി.ജി.സി.എസ്.എസ് റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് സഹിതം നവംബർ 11 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

.........................

ഈ വർഷം ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ, ബി.സി.എ, ബി.ബി.എം, ബി.എഫ്.ടി, ബി.എസ്.ഡബ്ല്യു, ബി.പി.ഇ, ബി.ടി.എസ്. സി.ബി.സി.എസ്.എസ് മോഡൽ 3 (2013 മുതൽ 2016 വരെ അഡ്മിഷൻ റീ-അപ്പിയറൻസ്, ന്യൂ ജനറേഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 14 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.........................

ഈ വർഷം ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ, ബി.എസ്.സി. മോഡൽ 1,2,3 (2013 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 14 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1547/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**